**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** | **13-09-2023 - ൽ മറുപടിയ്ക്ക്**

**പുതുതായി അനുവദിച്ച അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ച അക്ഷയ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>അനുബന്ധം<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ച അക്ഷയ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്<br><br>**ക്രമ നമ്പർ** / **ജില്ല** / **എണ്ണം**<br>1 / തിരുവനന്തപുരം / 4<br>2 / തൃശ്ശൂർ / 13<br>3 / മലപ്പുറം / 15<br>4 / പാലക്കാട് / 12<br>5 / കണ്ണൂർ / 36<br>6 / കാസർഗോഡ് / 6 |
| (ബി) | ഏതെല്ലാം കേന്ദ്രങ്ങളിൽ പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്; നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | മലപ്പുറം, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭകരെ തിരഞ്ഞെടുക്കുന്നതിനായി ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ അക്ഷയ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളുടെ നടത്തിപ്പവകാശം ഏതെല്ലാം | (സി) | അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | സാഹചര്യങ്ങളിലാണ് റദ്ദാക്കപ്പെടുന്നത്; ആയത് സംബന്ധിച്ച വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ നിലവിലെ സർക്കാർ ഉത്തരവനുസരിച്ച് അക്ഷയ ചീഫ് കോ-ഓർഡിനേറ്ററുടെ അംഗീകാരത്തോടുകൂടി അക്ഷയ ഡയറക്ടർ കേന്ദ്രം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ